I/5309272/2022

INSTITUTE OF HUMAN RESOURCES DEVELOPMENT
5/13.6.22
13 JUN 2022
THIRUVANANTHAPURAM

"ഭരണഭാഷ- മാതൃഭാഷ"

Break the Chain

കേരള സർക്കാർ

വളരെ അടിയന്തരം

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ : K3/125/2022-HEDN

13-06-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, ചാക്ക, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഒ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ. ലോ കോളേജ്, തിരുവനന്തപുരം/ തൃശ്ശൂർ/ എറണാകുളം/ കോഴിക്കോട്
7. രജിസ്ട്രാർ. കേരള സർവ്വകലാശാല, തിരുവനന്തപുരം എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/ കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനിയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസവകുപ്പ് - ജൂൺ 15 ലോക വയോജന ചൂഷണ വിരുദ്ധ ദിനം 2022 - വയോജന സംരക്ഷണ സന്ദേശ പ്രതിജ്ഞ എടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 09-06-2022 -ലെ നം. 820/2022/M(Hedn&SJ) കറിപ്പ്.

ലോകത്ത് മുതിർന്ന പൗരൻമാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഏറിവരുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം വയോജന സംരക്ഷണ സന്ദേശം ജനങ്ങളിലെത്തിക്കാനായി ജൂൺ 15 ലോക വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണദിനമായി (World elder abuse awareness day) ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ജൂൺ 15 ലോക വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണ ദിനമായി ആചരിക്കുന്നതിനും അതോടൊപ്പം സമൂഹ നിർമ്മിതിയ്ക്ക് മുതിർന്ന പൗരന്മാർ നൽകിയ സംഭാവനകളും അവരുടെ സംരക്ഷണത്തിന്റെ പ്രാധ്യാന്യവും പുതിയ തലമുറയിലേയ്ക്ക്

എത്തിയ്ക്കുന്നതിനുമായി 2022 ജൂൺ 15 ന് രാവിലെ 11 മണിയ്ക്ക് സംഘടിപ്പിക്കുന്ന വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണ ദിന (World elder abuse awareness day) ആചരണത്തിന്റെ ഭാഗമായുള്ള പ്രതിജ്ഞ കലാലയങ്ങളിൽ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു. പ്രതിജ്ഞയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ.
രാജേഷ്കുമാർ കെ കെ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Sobha D
Date: 13-06-2022 12:45:32
സെക്ഷൻ ഓഫീസർ

പകർപ്പ് ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

**Endt. No. EB3/1312/2020/HRD** **Dated 14.06.2022**

1. Copy of the Government letter dated 13.06.2022 is communicated to all Head of Institutions for information and necessary action.
2. Additional Director
3. Finance Officer
4. Administrative Officer
5. P.A to Director
6. S.F
7. OC

Sd/-
Dr.P.Suresh Kumar
DIRECTOR

Approved for issue

Senior Superintendent

# ജൂൺ 15 ലോക വയോജന ചൂഷണ വിരുദ്ധ ദിനം 2022
## വയോജന സംരക്ഷണ സന്ദേശ പ്രതിജ്ഞ

- ജീവിത ചക്രത്തിന്റെ ഭാഗമാണ് വാർദ്ധക്യം എന്ന് ഞാൻ തിരിച്ചറിയുന്നു.
- ജീവിതത്തിന്റെ രണ്ടാം ബാല്യമായ വാർദ്ധക്യത്തെ തടഞ്ഞു നിർത്താനോ വേണ്ടെന്നു വയ്ക്കാനോ സാധിക്കില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.
- മുതിർന്ന പൗരന്മാർ നാടിന്റെ അമൂല്യ സമ്പത്താണെന്ന് ഞാൻ തിരിച്ചറിയുന്നു.
- മുതിർന്ന പൗരന്മാർ ജീവിതത്തിന്റെ ഇന്നലെകളിൽ കൊണ്ട വെയിലാണ് ഇന്ന് നാം അനുഭവിക്കുന്ന തണൽ.
- എന്റെ മാതാപിതാക്കൾക്ക് ഞാൻ തണലാകും; പ്രായാധിക്യം മൂലമുള്ള അവശതകളിലും, പ്രയാസങ്ങളിലും അവരെ ഞാൻ ചേർത്തു പിടിക്കും.
- എന്റെ സമൂഹത്തിലെ ഓരോ മുതിർന്ന പൗരനും ഞാൻ കൈത്താങ്ങാവും
- വാക്കു കൊണ്ടോ പ്രവൃത്തി കൊണ്ടോ മുതിർന്ന പൗരന്മാരെ നോവിക്കില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.
- സന്തുഷ്ടമായ ഒരു ജീവിതം നയിക്കുന്നതിന് മുതിർന്ന പൗരന്മാർക്ക് എന്റെ സഹായം ഉണ്ടാകുമെന്ന് ഞാൻ ഉറപ്പു നൽകുന്നു.
- നമ്മുടെ സമൂഹത്തിന്റെ ഭാഗമായ മുതിർന്ന പൗരന്മാരോട് ബഹുമാനത്തോടെയും സ്നേഹത്തോടെയും ആദരവോടെയും പെരുമാറുമെന്നും വയോജന ക്ഷേമത്തിനായി ആത്മാർത്ഥമായി പ്രവർത്തിക്കുമെന്നും ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.